സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖേന അതാതു ബാങ്കുകളുടെ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവയ്ക്ക് തക്കതായ പരിഹാരം കാണുകയും ചെയ്തുവരുന്നു. കൂടാതെ വിദ്യാഭ്യാസ വായ്പ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു ജില്ലാതല മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി എല്ലാ മാസവും യോഗം ചേർന്ന് ഈ രംഗത്ത് നിലനിൽക്കുന്ന പരാതികൾക്ക് തീർപ്പു കല്പിക്കാറുണ്ട്.

(സി) വായ്പ നിക്ഷേധിക്കുന്നത് സംബന്ധിച്ച പരാതികൾ സർക്കാർ സംസ്ഥാനതല ബാങ്കിംഗ് സമിതി മുഖേനയാണ് പരിഹരിക്കുന്നത്.

പെൻഷൻ പ്രായം

14(1252) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകൾ, കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ശമ്പളം പറ്റുന്ന സ്ഥാപനങ്ങൾ എന്നിവയിൽ ഓരോന്നിലും നിലവിലുള്ള പെൻഷൻ പ്രായം എത്ര;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നോക്കുന്നവരുടെ പെൻഷൻ പ്രായം ഉയർത്താൻ ഉദ്ദേശമുണ്ടോ;

(സി) നിലവിൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ പെൻഷൻ പ്രായം ഉയർത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(ഡി) പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം പാർട്ട് I കേരള സർവ്വീസ് റൂൾസിലെ ചട്ടം 60 പ്രകാരം പൊതുവായി 55 വയസ്സായും (55 വയസ്സ് തികയുന്ന ധനകാര്യ വർഷത്തിന്റെ അവസാന ദിവസം) 7-4-1970-ന് മുൻപ് NMR സർവ്വീസിൽ പ്രവേശിച്ചവരും എന്നാൽ 7-4-1970-ന് ശേഷം റഗുലറൈസ് ചെയ്യപ്പെട്ടവരുമായ ജീവനക്കാരുടെ പെൻഷൻ പ്രായം 58 വയസ്സായും താഴെ പറയുന്ന വിഭാഗങ്ങൾക്ക് പെൻഷൻ പ്രായം 60 വയസ്സായും വ്യവസ്ഥ ചെയ്തിരിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. സബോർഡിനേറ്റ് ജുഡീഷ്യറിയിലെ ജുഡീഷ്യൽ ഓഫീസർമാർ.

2. ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ.

3. വിജിലൻസ് ട്രിബ്യൂണൽ.

4. 7-4-1970-ൽ ലാസ്റ്റ് ഗ്രേഡ് റഗുലർ സർവ്വീസിൽ ഉണ്ടായിരുന്നവരും അതേ തസ്തികയിൽ തുടരുന്നവരും.

5. 1-4-1965-നും 7-4-1970-നും ഇടയ്ക്ക് ഫുൾടൈം കണ്ടിജന്റ് തസ്തികയിൽ താൽക്കാലികമായി നിയമിക്കപ്പെട്ടവരും 7-4-1970-ന് ശേഷം റഗുലർ തസ്തികയിൽ എത്തിയവരുമായ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ.

6. 7-4-1970-ന് മുൻപ് വില്ലേജ്മാനായി സർവ്വീസിൽ പ്രവേശിച്ച് അതേ തസ്തികയിൽ തുടരുന്ന ജീവനക്കാർ.

7. 7-4-1970-ന് മുൻപ് മിലിട്ടറി സർവ്വീസിലോ ആസ്സാം റൈഫിൾസിലോ, സി.ആർ.പി.എഫിലോ ബി.എസ്.എഫിലോ സേവനം അനുഷ്ഠിച്ചവരും 7-4-1970- നു ശേഷം സർക്കാർ സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രവേശിച്ച് അതേ തസ്തികയിൽ തുടരുന്നവരുമായ ജീവനക്കാർ.

8. 7-4-1970-ന് മുൻപ് മിലിട്ടറി സർവ്വീസിൽ ഉണ്ടായിരുന്നവരും അതിനുശേഷം സർക്കാർ സർവീസിൽ വില്ലേജ്മാനായി നിയമിക്കപ്പെട്ട് അതേ തസ്തികയിൽ തുടരുന്നവരുമായ ജീവനക്കാർ.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പെൻഷൻ പ്രായം വർദ്ധിപ്പിക്കേണ്ടതില്ല എന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

പാലോളി സമിതി ശിപാർശകൾ

15(*T1254) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗ പ്രാതിനിധ്യവുമായി ബന്ധപ്പെട്ട ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ കണ്ടെത്തിയ ഉദ്യോഗ നഷ്ടം നികത്തുന്നത് സംബന്ധിച്ച് പാലോളി സമിതി നടത്തിയ ശിപാർശകളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) പി.എസ്.സി. ഇപ്പോൾ അനുവർത്തിക്കുന്ന യൂണിറ്റ് സമ്പ്രദായത്തിലെ മാറ്റം സംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പിന്നാക്ക വിഭാഗങ്ങളുടെ റിസർവേഷൻ കാറ്റഗറി പുനർനിർണ്ണയിക്കുന്നതിന് റിട്ട. ജഡ്ജിയുടെ നേതൃത്വത്തിലുള്ള സമിതി രൂപീകരിക്കണമെന്ന നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly